# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.12.2025** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം സാമൂഹിക-സാമ്പത്തിക കാഴ്ചപ്പാടുകളും വിദ്യാർഥികൾക്ക് ആവശ്യമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   Students need socio-economic perspectives along with technical skills, says President Draupadi Murmu.

2. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്ത്. നാളെ വർക്കല ശിവഗിരി തീർത്ഥാടനം ഉദ്ഘാടനം ചെയ്യും.

   Vice President C P Radhakrishnan is in Thiruvananthapuram today for a two-day visit. He will inaugurate the Varkala Sivagiri pilgrimage tomorrow.

3. രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖല സമാധാനത്തിനും വികസനത്തിനും സാക്ഷ്യം വഹിക്കുന്നുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah says the north-eastern region of the country is witnessing peace and development.

4. അരാവലി മലനിരയെ സംബന്ധിച്ച ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ

സമിതി രൂപീകരിക്കും.

The Supreme Court has stayed the order regarding the Aravalli Range. An expert committee will be formed to study the issues.

5. കേരളത്തിലെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതന സുരക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് മന്ത്രി വി ശിവൻകുട്ടി.

Minister V Sivankutty says the government is committed to ensuring salary security for private hospital employees in Kerala.

6. ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരത്ത്.

The final match of the India-Sri Lanka women's T-20 cricket series will be played in Thiruvananthapuram tomorrow.

**************************

## PRESIDENT - JHARKHAND VISIT (INTRO)

സാങ്കേതിക വൈദഗ്ധ്യത്തോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ കാഴ്ചപ്പാടുകളും വിദ്യാർഥികൾക്ക് ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ജംഷഡ്പൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 15-ാമത് ബിരുദദാന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. മാനവ ക്ഷേമത്തിനായുള്ള മാർഗങ്ങൾക്കായി സാങ്കേതിക വികസനം ഉപയോഗിക്കണമെന്ന് രാഷ്ട്രപതി വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയിസ്)

ഔദ്യോഗിക സന്ദർശനത്തിനായി ഝാർഖണ്ഡിൽ എത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു നേരത്തെ സന്താലി ഭാഷയിലെ ഓൽചീകി ലിപിയുടെ നൂറാം വാർഷിക ആഘോഷ പരിപാടിയിലും പങ്കെടുത്തു.

*****************

## VICE PRESIDENT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്ത്. പുതുച്ചേരിയിലെ വിവിധ പരിപാടികളിൽ പങ്കെടുത്ത ശേഷമാണ് ഉപരാഷ്ട്രപതി തിരുവനന്തപുരത്തേക്ക് എത്തുന്നത്. പാളയം എൽഎംഎസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹ സംഗമം പരിപാടിയിൽ അദ്ദേഹം മുഖ്യാതിഥിയാകും. നാളെ രാവിലെ വർക്കലയിൽ ശിവഗിരി തീർത്ഥാടനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പ്ലാറ്റിനം ജൂബിലി സമാപന പരിപാടിയിലും അദ്ദേഹം പങ്കെടുക്കും. ഉച്ചയ്ക്ക് ഉപരാഷ്ട്രപതി തിരുവനന്തപുരത്തു നിന്നു മധുരയ്ക്ക് തിരിക്കും.

*****************

## PUDUCHERRY-VP VISIT

നിർമ്മിത ബുദ്ധി, ഓട്ടോമേഷൻ, ബയോടെക്നോളജി, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും നവീകരിക്കുന്ന ലോകത്ത്, വിദ്യാസമ്പന്നരായ വ്യക്തികൾ സാങ്കേതികവിദ്യയെ ജാഗ്രതയോടെ സമീപിക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഡിജിറ്റൽ ഉപകരണങ്ങൾ ഉൽപ്പാദനക്ഷമതയും കണക്റ്റിവിറ്റിയും വർദ്ധിപ്പിക്കുമെങ്കിലും, ആഴത്തിലുള്ള ചിന്തയ്ക്കും സമൂഹവുമായുള്ള അർത്ഥവത്തായ ഇടപെടലിനുമുള്ള ശേഷി കുറയ്ക്കാൻ അവ കാരണമാകരുതെന്ന് അദ്ദേഹം യുവ ബിരുദധാരികൾക്ക് മുന്നറിയിപ്പ് നൽകി. പോണ്ടിച്ചേരി സർവകലാശാലയുടെ 30-ാമത് ബിരുദദാന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അംബാസഡർമാരാകാൻ ശ്രീ രാധാകൃഷ്ണൻ ബിരുദധാരികളോട് അഭ്യർത്ഥിച്ചു.

*****************

## BHUPENDER - SC ARAVALLI

അരാവലി കുന്നുകളുടെയും മലനിരകളുടെയും നിർവചനം സംബന്ധിച്ച് നവംബർ 20-ന് പുറപ്പെടുവിച്ച ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. ഇതു സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, എ.ജി. മാസിഹ് എന്നിവരടങ്ങിയ അവധിക്കാല ബെഞ്ച് ഉത്തരവിട്ടു. ഈ വിഷയത്തിൽ സ്വമേധയാ കേസെടുത്തതിൽ കേന്ദ്രത്തിനും, മലനിരകൾ ഉൾക്കൊള്ളുന്ന ഡൽഹി, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന സംസ്ഥാനങ്ങൾക്കും സുപ്രീം കോടതി നോട്ടീസ് അയച്ചിട്ടുണ്ട്. പുതിയ സമിതി രൂപീകരിക്കാനുള്ള സുപ്രീം കോടതിയുടെ തീരുമാനത്തെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് സ്വാഗതം ചെയ്തു.

*****************

## AMIT SHAH-ASSAM VISIT (INTRO)

രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖല സമാധാനത്തിനും വികസനത്തിനും സാക്ഷ്യം വഹിക്കുന്നുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കഴിഞ്ഞ 11 വർഷത്തിനിടെ മേഖല, വികസനം കൈവരിച്ചതായി അദ്ദേഹം പറഞ്ഞു. അസമിലെ നാഗോൺ ജില്ലയിൽ പൊതു റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ് ബൈറ്റ്)

*****************

## GOYAL- INDIA-AUSTRALIA ECTA

ജനുവരി ഒന്നു മുതൽ ഇന്ത്യൻ കയറ്റുമതികൾക്ക് 100 ശതമാനം ഓസ്ട്രേലിയൻ തീരുവ നിരക്കുകളും സീറോ ഡ്യൂട്ടി ആയിരിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. കരാർ തൊഴിൽ കേന്ദ്രീകൃത മേഖലകൾക്ക് പുതിയ അവസരങ്ങൾ തുറക്കുമെന്നും ഇന്ത്യൻ കയറ്റുമതിക്കാർ, എംഎസ്എംഇകൾ, കർഷകർ, തൊഴിലാളികൾ എന്നിവർക്ക് ഗുണം ചെയ്യുമെന്നും ശ്രീ

ഗോയൽ സമൂഹ മാധ്യമത്തിൽ കുറിച്ചു. 2024-25 ൽ ഓസ്ട്രേലിയയിലേക്കുള്ള രാജ്യത്തിന്റെ കയറ്റുമതി എട്ട് ശതമാനം വർദ്ധിച്ചുവെന്നും ഇത് രാജ്യത്തിന്റെ വ്യാപാര സന്തുലിതാവസ്ഥ മെച്ചപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു.

*****************

## YEAR ENDER-TAX REFORMS

രാജ്യത്തിന്റെ വികസന പാതയിൽ നയങ്ങൾ പുരോഗതിയായും ഉദ്ദേശ്യം ഫലമായും പരിണമിച്ച ഒരു വർഷമായിരുന്നു 2025. 2017-ൽ GST അവതരിപ്പിച്ചതോടെ ഇന്ത്യ ഒറ്റ വിപണിയായി ഏകീകരിക്കപ്പെട്ടെങ്കിലും ഈ വർഷത്തെ പുത്തൻ തലമുറ GST പരിഷ്കാരത്തിലൂടെ നികുതി ഘടന ഏറെ ലളിതമായി. ജി എസ് ടി ഇളവുകളും ആദായനികുതി ഇളവുകളും മൂലം കുടുംബങ്ങൾക്ക് പ്രതിവർഷം രണ്ടര ലക്ഷം കോടി രൂപ ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*****************

## PM - INSV KAUNDINYA

പോർബന്തറിൽ നിന്ന് ഒമാനിലെ മസ്കറ്റിലേക്കുള്ള INSV കൗണ്ഡിനിയയുടെ കന്നി യാത്രയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. പുരാതന തുന്നൽ സാങ്കേതികത ഉപയോഗിച്ചാണ് കപ്പൽ നിർമ്മിച്ചിരിക്കുന്നതെന്ന് ശ്രീ മോദി സോഷ്യൽ മീഡിയ കുറിപ്പിൽ പറഞ്ഞു. അതുല്യമായ ഈ പരിശ്രമത്തിന് പിന്നിലെ ഡിസൈനർമാരെയും, കരകൗശല വിദഗ്ധരെയും, കപ്പൽ നിർമ്മാതാക്കളെയും, നാവികസേനയെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

*****************

## ICMR - ANTIBIOTICS (INTRO)

ഡോക്ടർമാർ നിർദ്ദേശിച്ചാൽ മാത്രമേ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാവൂ എന്ന് ദേശീയ

മെഡിക്കൽ ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ ഡോ. രാജീവ് ബഹൽ. ന്യുമോണിയ പോലുള്ള അണുബാധയ്ക്ക് ആൻറിബയോട്ടിക്കുകളുടെ അമിത ഉപയോഗം, അവയുടെ ഫലപ്രാപ്തി കുറയ്ക്കുമെന്നും ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവേ അദ്ദേഹം വ്യക്തമാക്കി. കുറിപ്പടിയിലൂടെ മാത്രമേ ആൻറിബയോട്ടിക്കുകൾ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഡോ. രാജീവ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

*****************

## V SIVANKUTTY

കേരളത്തിലെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതന സുരക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വി ശിവൻകുട്ടി. സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനുള്ള കരട് വിജ്ഞാപനം ഒരു മാസത്തിനുള്ളിൽ പുറപ്പെടുവിക്കാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

*****************

## NOMINATION

കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ പത്രിക പിൻവലിക്കാൻ സമയപരിധി അവസാനിച്ചു. ജനുവരി 12 നാണ് വോട്ടെടുപ്പ്. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13-ന് നടക്കും.

*****************

## SIR

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

*****************

## SABARIMALA

മകരവിളക്ക് ഉത്സവത്തിനായി ശബരിമല ക്ഷേത്രനട നാളെ വൈകുന്നേരം 5-ന് തുറക്കും. മകരവിളക്ക് അനുബന്ധിച്ചുള്ള ദിവസങ്ങളിലെയും തുടർന്നുള്ള കുംഭമാസ പൂജയ്ക്കുമായി ദർശനം നടത്തുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചിട്ടുണ്ട്. ജനുവരി 14 നാണ് മകരവിളക്ക് മഹോത്സവം നടക്കുക.

*****************

## SABARIMALA - ARREST

ശബരിമല സ്വർണ്ണപാളികേസുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗം എൻ വിജയകുമാറിനെ പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തു. ഇന്നാണ് വിജയകുമാറിനെ വീട്ടിൽനിന്ന് കസ്റ്റഡിയിലെടുത്ത് അറസ്റ്റ് രേഖപ്പെടുത്തിയത്. 2019-ൽ എ പത്മകുമാർ പ്രസിഡന്റായിരുന്ന കാലത്ത് ദേവസ്വം ബോർഡ് അംഗമായിരുന്നു വിജയകുമാർ.

*****************

## WOMENS T 20

ഇന്ത്യ-ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. വൈകിട്ട് ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 4-0 ത്തിന് മുന്നിലാണ്.

*****************

## REV. PM - CHESS CHAMPIONSHIP

ദോഹയിൽ നടന്ന 2025 ലെ ഫിഡെ റാപ്പിഡ് ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർമാരായ കൊനേരു ഹംപിയും അർജുൻ എറിഗൈസിയും വെങ്കല മെഡൽ നേടി. 9.5 സ്കോറോടെയാണ് അർജുൻ തന്റെ ആദ്യ വെങ്കല മെഡൽ നേടിയത്. വനിതാ വിഭാഗത്തിൽ, നിലവിലെ ചാമ്പ്യൻ കൊനേരു, ബി. സവിതയെ തോൽപ്പിച്ചാണ് വെങ്കലം നേടിയത്. ഇരുവരുടെയും നേട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദനം അറിയിച്ചു.

*****************

## US PRESIDENT

റഷ്യ-യുക്രെയ്ൻ സമാധാന ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി റഷ്യൻ പ്രസിഡന്റ് വ്ളോഡിമിർ പുടിൻ, യുക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമിർ സെലെൻസ്കി എന്നിവരുമായി ഒരു ത്രികക്ഷി കൂടിക്കാഴ്ചയ്ക്ക് യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് സന്നദ്ധത പ്രകടിപ്പിച്ചു. മാർ-എ-ലാഗോയിൽ ഇന്നലെ സെലെൻസ്കിയുമായുള്ള ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിച്ച യുഎസ് പ്രസിഡന്റ്, അത്തരം സമാധാന ചർച്ചകളെ ശ്രീ പുടിൻ പിന്തുണയ്ക്കുന്നുവെന്നും വ്യക്തമാക്കി. സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദിഷ്ട 20-ഇന സമാധാന പദ്ധതി, സുരക്ഷാ ഗ്യാരണ്ടികൾ, സാധ്യമായ പ്രദേശിക വിട്ടുവീഴ്ചകൾ എന്നിവയെക്കുറിച്ച് അവർ ചർച്ച ചെയ്യുതായും ശ്രീ ട്രംപ് പറഞ്ഞു.

*

*********

************************